പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:*245 18.08.2017 ൽ മറുപടിയ്ക്ക്

**കമ്പനികൾ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.സണ്ണി ജോസഫ് | ശ്രീ.ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | വൻകിട കമ്പനികൾ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ലക്ഷക്കണക്കിന് ഏക്കർ ഭൂമി ഏറ്റെടുക്കണമെന്ന് രാജമാണിക്യം റിപ്പോർട്ടിൽ ശിപാർശ നൽകിയിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാനത്ത് കമ്പനികളും വ്യക്തികളും അനധികൃതമായി കൈവശം വയ്ക്കുന്ന സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിന് സമഗ്രമായ നിയമ നിർമ്മാണം നടത്തുന്നതിനുള്ള കരട് ബിൽ തയ്യാറാക്കുന്നതിന് നിയമവകുപ്പിൽ നിന്നും സ്പെഷ്യൽ സെക്രട്ടറിയായി വിരമിച്ച ശ്രീ.പത്മാകരൻ സി.കെ.യെ ചുമതലപ്പെടുത്തി 22/5/2017-ലെ G.O(Rt)2332/2017/RD നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത റിപ്പോർട്ട് തള്ളിക്കളയണമെന്ന് നിയമവകുപ്പ് ശിപാർശ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് ആധാരമായ വസ്തുതകൾ എന്തൊക്കെയാണ്; | (ബി) പ്രസ്തുത റിപ്പോർട്ട് Andhrapradesh Land Grabbing Prohibition Act, Indian Independence Act, Foreign Exchange Regulation Act, Land Reforems Act, എന്നിവയുടെ അടിസ്ഥാനത്തിലും അനധികൃത കയ്യേറ്റത്തിലുള്ള ആൾക്കാർക്ക് (Tresspass) എതിരായുള്ള നിയമ നടപടി സംബന്ധിച്ച് വിവിധ കോടതികളുടെ വിധിന്യായങ്ങളുടെ അടിസ്ഥാനത്തിലും പരിശോധിച്ച് പുതിയ നിയമ നിർമ്മാണം നടത്തുന്നതിന് നിയമ വകുപ്പ് ചില നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. കമ്പനികളും വ്യക്തികളും അനധികൃതമായി കൈവശം വയ്ക്കുന്ന സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിന് സമഗ്രമായ നിയമ നിർമ്മാണം നടത്തുന്നതിനുള്ള കരട് ബിൽ തയ്യാറാക്കുന്നതിന് നിയമവകുപ്പിൽ നിന്നും സ്പെഷ്യൽ സെക്രട്ടറിയായി വിരമിച്ച ശ്രീ.പത്മാകരൻ സി.കെ.യെ ചുമതലപ്പെടുത്തി 22/5/2017-ലെ G.O(Rt)2332/2017/RD നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ഈ റിപ്പോർട്ട് തള്ളിക്കളയണമെന്ന നിയമവകുപ്പ് ശിപാർശ അംഗീകരിച്ചാൽ, ഭൂരഹിതർക്ക് ഭൂമി നൽകുന്നതിന് നടപടി സ്വീകരിക്കുമെന്ന വാഗ്ദാനം എപ്രകാരമാണ് നടപ്പിലാക്കാൻ കഴിയുക എന്ന് വ്യക്തമാക്കുമോ? | (സി) സംസ്ഥാനത്ത് കമ്പനികളും വ്യക്തികളും അനധികൃതമായി കൈവശം വയ്ക്കുന്ന സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിന് 1957-ലെ കേരള ഭൂസംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിയോഗിച്ചിട്ടുള്ള സംസ്ഥാനതല സ്പെഷ്യൽ ഓഫീസറുടെ നടപടിക്രമങ്ങൾക്കെതിരെ എച്ച്.എം.എൽ കമ്പനിയും മറ്റ് കമ്പനികളും ഫയൽ ചെയ്ത വിവിധ റിട്ട് ഹർജികൾ രണ്ടംഗ ഡിവിഷൻ ബെഞ്ചിലേയ്ക്ക് റഫർ ചെയ്തുകൊണ്ട് 25/11/2015-ൽ ബഹു; ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ച് റഫറൻസ് ഓർഡർ പുറപ്പെടുവിച്ചിട്ടുള്ളതും ഈ വിഷയം നിലവിൽ ഡിവിഷൻ ബെഞ്ചിന്റെ പരിഗണനയിലുള്ളതുമാണ്. ആയതിനാൽ ടി കേസുകളിൽ തീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ ഈ വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ